**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1340

12.03.2015-ൽ മറുപടിയ്ക്ക്

**അങ്കമാലി ബൈപ്പാസ് പദ്ധതി**

| ചോദ്യം<br>**ശ്രീ.ജോസ് തെറ്റയിൽ** | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) കഴിഞ്ഞ സർക്കാരിന്റെ 1000 കോടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതും സർവ്വെയും, അലൈൻമെന്റും, പ്രാഥമിക പഠനവും പൂർത്തിയാക്കിയിട്ടുള്ളതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;<br><br>(ബി) ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;<br><br>(സി) അങ്കമാലി ബൈപ്പാസ് ഇനിയും നടപ്പിലാകാത്തതിന്റെ കാരണം വിശദമാക്കാമോ? | (എ), (ബി) & (സി) | അങ്കമാലി ബൈപ്പാസിന് PPP മാതൃകയിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് കിറ്റ്കോ എന്ന കൺസൾട്ടന്റ് സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. കിറ്റ്കോ പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കി RBDCK യ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ